**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1127** **09-10-2024 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. അൻവർ സാദത്ത്, ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുള്ള തൊഴിൽ നഷ്ടം, ഇന്ധന വിലവർദ്ധന, മത്സ്യത്തിന് ന്യായവില ലഭിക്കാത്തത് തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾമൂലം മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധി നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് മൂലവും മറ്റ് പ്രതികൂല സാഹചര്യങ്ങൾ കൊണ്ടും ദീർഘകാലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB)-യുടെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021- ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു |

വിപണിയിലെ വില 52 രൂപയായിരുന്നതാണ് തുടർച്ചയായി വർധിപ്പിച്ച് നിലവിൽ 100.196 രൂപയായിട്ടുള്ളത്. ഇതിന് പുറമേ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്കും വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായി. മാത്രവുമല്ല സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യതയിൽ വലിയ വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയമാണ് വില വർധനവിന്റെ മുഖ്യ കാരണം. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വില വർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചക്ക് കാരണമാകും. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു.

വില കുത്തനെ കൂട്ടിയതിനു പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോൾ, ഡീസൽ, എൽ. പി. ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണം എന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് ആവശ്യമുള്ള മണ്ണെണ്ണയുടെ രണ്ടോ മൂന്നോ ശതമാനം മാത്രമാണ് നിലവിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്ത വിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് കേരളത്തിൽ നിന്നുള്ള എം. പി. മാരുടെ സമ്മേളനങ്ങളിലും മേൽപ്പറഞ്ഞ കാര്യങ്ങൾ നിരന്തരം അവതരപ്പിച്ച് വരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും

മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഇതേ വരെ ഉണ്ടായിട്ടില്ല.

മണ്ണെണ്ണയുടെ വിലവർദ്ധന, ലഭ്യതക്കുറവും, മണ്ണെണ്ണ ഉപയോഗം മൂലം ഉണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, എൽ.പി.ജി, ഡീസൽ, തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവാകുകയും ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി കിറ്റുകൾ 22/01/2023 -ന് വിതരണം ചെയ്തിട്ടുണ്ട്. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് വിലയിരുത്തിയതിൽ നിന്നും എൽ.പി.ജി ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്നും. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായും ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടതായി കാണുന്നു.

കൂടാതെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21/01/2023 -ന് എൽ.പി.ജി കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി എൽ.പി.ജി എഞ്ചിൻ ഉപയോഗത്തിലേക്ക് മാറ്റുന്നതിനു 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകി. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് സ്വീകരിച്ചിട്ടുമുണ്ട്.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ)

| | | | |
|---|---|---|---|
| | | | പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് മുഖാന്തിരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ ഗുണഭോക്താക്കളായിട്ടുമുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ, മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഔട്ട് ബോർഡ് എഞ്ചിനുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br><br>കൂടാതെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ഡീസൽ ഉപയോഗിക്കുന്നതിനു പര്യാപ്തമായ ഡീസൽ എൻജിനുകൾ രൂപകൽപന ചെയ്യുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യ്ക്ക് പ്രൊപോസൽ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള എഞ്ചിൻ രൂപകൽപ്പന പൂർത്തിയായിട്ടുണ്ട്.<br><br>മേൽ വിവരിച്ച തരത്തിലുള്ള നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി മത്സ്യത്തൊഴിലാളികളെ മണ്ണെണ്ണയുടെ ലഭ്യത കുറവിൽ നിന്നും , വില വർധനവ് മൂലമുള്ള സാമ്പത്തിക ബാധ്യതയിൽ നിന്നും മുക്തരാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്. |
| (ബി) | ഇന്ധന വിലവർദ്ധന മൂലം മത്സ്യത്തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സബ്സിഡി തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് മൂലവും മറ്റ് പ്രതികൂല സാഹചര്യങ്ങൾ കൊണ്ടും ദീർഘകാലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി കൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB)-യുടെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021- ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ |

ധനസഹായം നൽകിയിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ പ്രത്യേകിച്ച് മണ്ണെണ്ണയുടെ വില വർദ്ധനവ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. 2014 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതു വിപണിയിലെ വില 52 രൂപയായിരുന്നതാണ് തുടർച്ചയായി വർധിപ്പിച്ച് നിലവിൽ 100.196 രൂപയായിട്ടുള്ളത്. ഇതിന് പുറമേ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുന്ന സബ്സിഡി രഹിത മണ്ണെണ്ണക്കും വില വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായി. മാത്രവുമല്ല സബ്സിഡി രഹിത മണ്ണെണ്ണയുടെ ലഭ്യതയിൽ വലിയ വെട്ടിക്കുറവാണ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയാവകാശം എണ്ണ കമ്പനികൾക്ക് നൽകിയ കേന്ദ്ര സർക്കാരിന്റെ തെറ്റായ നയമാണ് വില വർധനവിന്റെ മുഖ്യ കാരണം. മത്സ്യബന്ധനത്തിന് മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദുരിതത്തിലാക്കുന്ന ഈ വില വർദ്ധനവ് പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ തകർച്ചക്ക് കാരണമാകും. പരമ്പരാഗത തൊഴിൽ എന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖല എന്ന പരിഗണന നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അത്രയും മണ്ണെണ്ണ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു.

വില കുത്തനെ കൂട്ടിയതിനു പിന്നാലെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതവും നിർത്തലാക്കുകയാണ്. കൂടുതൽ മണ്ണെണ്ണ ആവശ്യപ്പെട്ട് കേന്ദ്രത്തിന് നൽകിയ കത്തിന് മണ്ണെണ്ണയ്ക്ക് പകരം മത്സ്യബന്ധനത്തിന് പെട്രോൾ, ഡീസൽ, എൽ. പി. ജി. തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കണം എന്നാണ് കേന്ദ്രസർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് ആവശ്യമുള്ള മണ്ണെണ്ണയുടെ രണ്ടോ മൂന്നോ ശതമാനം മാത്രമാണ് നിലവിൽ കേന്ദ്രത്തിൽ നിന്നും

ലഭിക്കുന്നത്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണയുടെ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാരിന് കീഴിലുള്ള മത്സ്യഫെഡിന് മണ്ണെണ്ണയുടെ മൊത്ത വിതരണത്തിനുള്ള ഡീലർഷിപ്പ് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നേരിലും കത്തുകളിലൂടെയും ആവശ്യപ്പെട്ടിരുന്നു. കൂടാതെ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് കേരളത്തിൽ നിന്നുള്ള എം. പി. മാരുടെ സമ്മേളനങ്ങളിലും മേൽപ്പറഞ്ഞ കാര്യങ്ങൾ നിരന്തരം അവതരപ്പിച്ച് വരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നുള്ള സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമായെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ. എന്നാൽ നിരന്തരം ആവശ്യപ്പെട്ടിട്ടും മേൽപ്പറഞ്ഞ രണ്ട് കാര്യങ്ങളിലും അനുകൂലമായ പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ഇതേ വരെ ഉണ്ടായിട്ടില്ല.

മണ്ണെണ്ണയുടെ വിലവർദ്ധന, ലഭ്യതക്കുറവും, മണ്ണെണ്ണ ഉപയോഗം മൂലം ഉണ്ടാകുന്ന മലിനീകരണവും പരിഗണിച്ച് മത്സ്യബന്ധന യാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുസ്ഥിര മത്സ്യബന്ധന സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, എൽ.പി.ജി, ഡീസൽ, തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ മത്സ്യബന്ധനമേഖലയിൽ പരിചയപ്പെടുത്തുകയും വ്യാപകമാക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനായി പരീക്ഷണാടിസ്ഥാനത്തിൽ 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവാകുകയും ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ എൽ.പി.ജി കിറ്റുകൾ 22/01/2023 -ന് വിതരണം ചെയ്തിട്ടുണ്ട്. പരീക്ഷണ ഓട്ടത്തിന്റെ റിപ്പോർട്ട് വിലയിരുത്തിയതിൽ നിന്നും എൽ.പി.ജി ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനുകളെക്കാളും ഗുണകരമാണെന്നും. ഇന്ധനച്ചെലവിൽ 35% മുതൽ 55% വരെ കുറവ് ലഭിക്കുന്നതായും ഗുണഭോക്താക്കൾ അഭിപ്രായപ്പെട്ടതായി കാണുന്നു.

കൂടാതെ ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് 21/01/2023 -ന് എൽ.പി.ജി കിറ്റ് ഉപയോഗിച്ചുള്ള പരീക്ഷണ ഓട്ടം മര്യനാട് വച്ച് വിജയകരമായി പൂർത്തീകരിച്ചു. മണ്ണെണ്ണ എഞ്ചിൻ ഉപയോഗിക്കുന്ന 500 പരമ്പരാഗത മത്സ്യബന്ധന യാനങ്ങളെ 75% സബ്സിഡിയോടുകൂടി എൽ.പി.ജി എഞ്ചിൻ ഉപയോഗത്തിലേക്ക് മാറ്റുന്നതിനു 3 കോടി 55 ലക്ഷം രൂപയുടെ പദ്ധതിക്ക് 2023-24 സാമ്പത്തിക വർഷം ഭരണാനുമതി നൽകി. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് സ്വീകരിച്ചിട്ടുമുണ്ട്.

കൂടാതെ 1000 മണ്ണെണ്ണ എഞ്ചിനുകൾ 50% സബ്സിഡിയോടുകൂടി (പരമാവധി 50,000/-രൂപ) പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് 2023-24 സാമ്പത്തിക വർഷം 1000 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യഫെഡ് മുഖാന്തിരം നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ ഇതിനകം 377 പേർ ഗുണഭോക്താക്കളായിട്ടുമുണ്ട്. ഇത്തരത്തിൽ 5 വർഷത്തിനുള്ളിൽ, മണ്ണെണ്ണ ഇന്ധനം ഉപയോഗിക്കുന്ന എല്ലാ ഔട്ട് ബോർഡ് എഞ്ചിനുകളും ഘട്ടം ഘട്ടമായി പെട്രോൾ അല്ലെങ്കിൽ എൽ.പി.ജി. ഇന്ധനം ഉപയോഗിക്കുന്ന ഔട്ട് ബോർഡ് എഞ്ചിനുകളാക്കി മാറ്റുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം ഡീസൽ ഉപയോഗിക്കുന്നതിനു പര്യാപ്തമായ ഡീസൽ എൻജിനുകൾ രൂപകൽപന ചെയ്യുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) യ്ക്ക് പ്രൊപോസൽ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള എഞ്ചിൻ രൂപകൽപ്പന പൂർത്തിയായിട്ടുണ്ട്.

മേൽ വിവരിച്ച തരത്തിലുള്ള നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി മത്സ്യത്തൊഴിലാളികളെ മണ്ണെണ്ണയുടെ ലഭ്യത കുറവിൽ നിന്നും , വില വർധനവ് മൂലമുള്ള സാമ്പത്തിക ബാധ്യതയിൽ നിന്നും മുക്തരാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ച് വരുന്നത്.

| | | | |
|---|---|---|---|
| (സി) | പെയർട്രോളിംഗ്, ലൈറ്റ് ഫിഷിംഗ്, പെലാജിക് ട്രോളിംഗ് തുടങ്ങിയ നിരോധിത മത്സ്യബന്ധന മാർഗങ്ങൾ ഫലപ്രദമായി തടഞ്ഞുകൊണ്ട് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വകുപ്പ് 4 ഉപവകുപ്പ് (1) d പ്രകാരവും കെ.എം.എഫ്.ആർ റൂൾ 2018 ലെ ചട്ടം 4 ഉപചട്ടം (1) b, d എന്നിവ പ്രകാരം പെയർ ട്രോളിംഗും, പെലാജിക് ട്രോളിംഗും നിരോധിച്ചിട്ടുണ്ട്. കെ.എം.എഫ്.ആർ റൂൾ 2018 ലെ ചട്ടം 6 ഉപചട്ടം (1) C പ്രകാരം 12 വാട്സിൽ കൂടുതൽ തീവ്രതയുള്ള കൃത്രിമ ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. ഇങ്ങനെ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് കെ.എം.എഫ് ആർ ആക്ടിലേയും റൂളി ലേയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത വലകൾ ഉപയോഗിക്കുന്നത് കൊണ്ടുണ്ടാകുന്ന ദോഷ ഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ